Valiya phrabha: Malayalam spelling and reading book
Mangalore, 1871 Seite 3



അനുതാപം പൂണ്ടുടൻ ദൈവത്തെ തേടീടുവിൻ।
അനുരാഗഭാവേന ശബരീവാക്യം കേൾപ്പിൻ॥

മഹാഭാരതമാകും കൎണ്ണപൎവ്വത്തിൽനിന്നും।
സാഹസമുള്ള ബാലന്മാൎക്കു ബോധം വരുവാൻ॥
സഹദേവന്റെ വാക്യശ്ലോകങ്ങളവസാനം।
സഹായം പഠിക്കുവാൻ സത്യദൈവമെന്നറി॥

## മു ഖ വു ര.

ഈ പാഠാരംഭത്തെ ഏറിയ കൊല്ലമായി ഗുരുക്കന്മാരുടെയും കുട്ടികളുടെയും ഉതവിക്കായിട്ടു തീൎത്തിരിക്കുന്നു. എന്നാൽ ഈ ചെറു പുസ്തകം കൊണ്ടു കുട്ടികൾക്കു വേണ്ടുന്ന ഉപകാരം വരേണ്ടതിന്നു ഗുരുക്കന്മാരുടെ സഹായം ആവശ്യം എന്നു സമ്മതം ഉണ്ടാകുമല്ലൊ. ഓരോ ഗുരുക്കന്മാൎക്കു അവരുടെ പഠിപ്പു ക്രമങ്ങൾ ഉണ്ടെങ്കിലും അവരവൎക്കു സലാം ചെയ്തു, നന്നായി എന്നു തോന്നുന്ന ചില ക്രമങ്ങളെ പറവാൻ തുനിയുന്നു. ബുദ്ധിമാന്മാർ സാരമായതു എടുത്താൽ മതി.

൧. അറിയാതവനെ പഠിപ്പിപ്പാൻ വളരെ വരുത്തം ഉണ്ടാകകൊണ്ടു ചില ഗുരുക്കന്മാർ ആ വക മുഷിച്ചൽ ശങ്കിച്ചു, ഓരൊ ചെറിയ കുട്ടികളെ ഓരൊ വലിയ കുട്ടികളുടെ കൈയിൽ അധികമായിട്ടു കൊടുത്തുവരുന്നു. അതിനാൽ പല തിന്മകൾ ഉണ്ടാകുന്നു. കുട്ടികൾ വെടിപ്പായിട്ടു പഠിക്കാതെ, ഏറിയ സമയം ആദ്യപാഠങ്ങളിൽ കഴിച്ചു വരുന്നു; കുട്ടികൾക്കും ഗുരുക്കൾക്കും തമ്മിൽ സ്നേഹവും സന്തോഷവും ഉണ്ടാകുന്നതുമില്ല. ആകയാൽ ബലവും അറിവും കുറഞ്ഞ കുട്ടികളെ ഗുരുക്കൾ താൻ നന്നായി ആദരിച്ചു നോക്കി, സന്തോഷത്തോടും അവരിൽ പ്രയത്നം ചെയ്താൽ കൊള്ളാം.

☞ ഈ പുസ്തകത്തിന്റെ ഒടുക്കത്തിൽ പഠിപ്പിക്കുന്ന ക്രമത്തെ കൊണ്ടു ചില ന്യായങ്ങളെ കാണാം.



http://idb.ub.uni-tuebingen.de/diglit/GkVI70b/0007
EBERHARD KARLS UNIVERSITÄT TÜBINGEN
Universitätsbibliothek Tübingen
gefördert durch die DFG